**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3450** **26-06-2024 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ ദേശീയപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ കോഴിച്ചെന പ്രദേശത്ത് തെന്നല വില്ലേജിൽപ്പെട്ട ദേശീയപാതയോരത്തുള്ള സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം സംസ്ഥാന പൊതുമരാമത്ത് വകുപ്പിനാണോ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനാണോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭൂമിയുടെ സർവ്വേ നമ്പറും അളവും എഫ്.എം.ബി. യുടെ പകർപ്പും ലഭ്യമാക്കാമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല വില്ലേജിൽപ്പെട്ട ദേശീയപാതയോരത്തുള്ള വാളക്കുളം അംശം സർവ്വേ നമ്പർ 246/2A ൽ 1 ഏക്കർ 61 സെന്റ്, 246/2B യിൽ 45 സെന്റ്, 247/1A ൽ 5 ഏക്കർ 42 സെന്റ് എന്ന ഭൂമിയുടെ ഉടമസ്ഥാവകാശം കേന്ദ്ര പൊതുമരാമത്ത് വകപ്പിനാണ്. പ്രസ്തുത ഭൂമിയുടെ സർവ്വേ നമ്പർ അനുബന്ധമായി ചേർക്കുന്നു. നിശ്ചിത ഫീസ് ഒടുക്കിയാൽ ലഭ്യമാക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഭൂമിയിൽ ദേശീയപാതയുടെ എന്തെങ്കിലും പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലുകൾ എന്തെല്ലാമാണെന്നും എത്ര അളവ് ഭൂമിയിലാണ് ഇവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | പ്രൊപ്പോസൽ റവന്യൂ വകുപ്പിൽ ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത ഭൂമിയിൽ തെന്നല വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) | തെന്നല വില്ലേജ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകപ്പിന്റെ കൈവശത്തിലുള്ള 20 സെന്റ് ഭൂമി അനുവദിക്കുന്നതിന് ലാൻഡ് ട്രാൻസ്ഫർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ അനുമതി പത്രം ലഭ്യമായിട്ടില്ല. |
| (ഡി) | പ്രസ്തുത ഭൂമിയിൽ ടൂറിസം പ്രോജക്ടിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ഡി) | ടൂറിസം പ്രോജക്ടുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. |
| (ഇ) | ഈ ഭൂമിയിൽ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ അനുമതി പത്രം ലഭ്യമാകാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

| ക്രമ.നം. | സർവ്വേ നം. | ദേശം. | വിസ്തീർണ്ണം |
|---|---|---|---|
| 1. | 246/2A | വാളക്കുളം 001 | 1 ഹെക്ടർ 61 സെന്റ് |
| 2. | 246/2B | " | 45 സെന്റ് |
| 3. | 247/1A | " | 5 ഹെക്ടർ 42 സെന്റ് |
| | | ആകെ: | 7 ഹെക്ടർ 48 സെന്റ് |

ചേർത്ത ഭൂമിയുടെ സ്കെച്ച്
ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് നൽകുന്നു.

വിശ്വസ്തതയോടെ

Rajesh
21/6/24

VILLAGE OFFICER
THENNALA VILLAGE OFFICE
Thirurangadi Taluk